MEDIA CONSULTANTS

**MATHRUBHUMI**

**Administrative sanction for fresh water supply in Kovalam**

Date: **14-03-2012** | Edition: **Tvm** | Page No: **13** | Clip size (cm) - W: **4** H: **9**

# കോവളം ശുദ്ധജല വിതരണപദ്ധതിക്ക് ഭരണാനുമതി

**തിരുവനന്തപുരം:** കോവളവും സമീപപ്രദേശങ്ങളും അഭിമുഖീകരിക്കുന്ന ശുദ്ധജലക്ഷാമത്തിന് പരിഹാരമായി ടൂറിസം വകുപ്പ് നടപ്പാക്കുന്ന ജലവിതരണ പദ്ധതിക്ക് ഭരണാനുമതി ലഭിച്ചതായി മന്ത്രി എ.പി. അനിൽകുമാർ അറിയിച്ചു.

15 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതിക്കുവേണ്ടി 14 കോടി രൂപ ടൂറിസം വകുപ്പും ഒരു കോടി രൂപ തിരുവനന്തപുരം കോർപ്പറേഷനും വഹിക്കും.

വിഴിഞ്ഞം പഞ്ചായത്തിലെ അഞ്ചും വെങ്ങാനൂർ പഞ്ചായത്തിലെ എട്ടും വാർഡുകൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കും.

ടൂറിസം വകുപ്പിനുവേണ്ടി സംസ്ഥാന ജല അതോറിട്ടിയാണ് പദ്ധതി നിർവഹിക്കുക. ഒരു വർഷം കൊണ്ട് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.